# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 184      13.02.2013 - ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. ബി. സത്യൻ
ശ്രീ. പി.റ്റി.എ.റഹീം

**ഉത്തരം**

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലു മുണ്ടായ വൈകല്യങ്ങൾ പദ്ധതി നടത്തിപ്പിനെ ഏതെല്ലാം തരത്തിലാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും വൈകല്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം ആയതിനാലും മുൻപദ്ധതികളിൽനിന്നും വിഭിന്നമായി പ്രോജക്ടുകൾ ഓൺലൈനായി അംഗീകരിക്കുക എന്ന സംവിധാനം നടപ്പിലാക്കിയതിനാലും തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങൾക്ക് പ്രസ്തുത രീതിയുമായി പരിചയപ്പെടുന്നതിന് നേരിയ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ പ്രോജക്ട് പരിശോധനയും, അംഗീകാരവും ഓൺലൈനായി ഉദ്യോഗസ്ഥർ മുഖേന നടത്തിയതിനാൽ അക്കാര്യത്തിൽ കാലതാമസം കുറഞ്ഞിട്ടുണ്ട്. |
| (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിലും. നിർവഹണത്തിലും ഈ സാമ്പത്തിക വർഷം ഉണ്ടായ പുരോഗതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ : വിശദാംശം ലഭ്യമാക്കുമോ ; | ഇതു വരെ 1209 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 187958 പ്രോജക്ടുകൾ രൂപീകരിക്കുകയും 1208 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ 1,81,969 പ്രോജക്ടുകളുടെ അംഗീകാര നടപടികൾ പൂർത്തീകരിക്കുകയും ബാക്കി വരുന്ന പദ്ധതികൾ അംഗീകാരത്തിനും അപ്പീലിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1101 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അംഗീകാരത്തിനായി പദ്ധതി രേഖയും മറ്റ് അനുബന്ധങ്ങളും ഓൺലൈനായി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | ഇതിൽ 784-ൽപരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകദേശം 1.13 ലക്ഷത്തിൽപരം പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) നടപ്പ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്: വിശദാംശം വ്യക്തമാക്കുമോ ; | സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 38% തുക 2012 ഡിസംബർ 31 നകം ചെലവഴിച്ചിട്ടുണ്ട്.<br>വിശദ വിവരം താഴെക്കൊടുത്തിരിക്കുന്നു:<br>സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതം 14010 കോടി രൂപ<br>ചെലവഴിച്ചിട്ടുള്ള തുക – 5287.81 കോടി രൂപ |
| (ഡി) നടപ്പ സാമ്പത്തിക വർഷം അവസാനത്തിൽ പദ്ധതി വിഹിതം എത്ര ശതമാനം വരെ വിനിയോഗിക്കാനാവു-മെന്നും, ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത് ഏതെല്ലാം മേഖലയിലാ-യിരിക്കുമെന്നും വിശദമാക്കാമോ ? | നടപ്പ് സാമ്പത്തിക വർഷം പരമാവധി തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ